## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 688

04.04.2018-ൽ മറുപടിക്ക്

### മത്സ്യസമ്പത്തിന്റെ സംരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.സത്യൻ<br>,, ജെയിംസ് മാത്യു<br>,, എ. പ്രദീപ്കുമാർ<br>,, കെ.സുരേഷ് കുറുപ്പ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും മത്സ്യ ഉല്പാദനവും സ്റ്റോക്കും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്; | (എ) | കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സീറാഞ്ചിംഗ് പദ്ധതി നടപ്പാക്കി വരുന്നു. മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്താൻ കൃത്രിമപാര് നിക്ഷേപിക്കൽ പദ്ധതിയും, മത്സ്യ ഉൽപ്പാദം വർദ്ധിപ്പിക്കാൻ കൂടുകൃഷി പദ്ധതിയും നടപ്പാക്കുന്നു ണ്ട്. തിരുവനന്തപുരം ജില്ലയിലെ മര്യനാട് തീരക്കടലിൽ 2014-15 സാമ്പത്തിക വർഷവും 2016-17 ൽ തുമ്പ, പുല്ലുവിള തീരക്കടലിലും കൃത്രിമപാര് പദ്ധതി നടപ്പിലാക്കിയിരുന്നു. 2017-18 ൽ ടി പദ്ധതിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമ പഞ്ചായത്തിലെ പുതുകുറുച്ചി മത്സ്യഗ്രാമത്തിനും കരിങ്കുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുതുറ മത്സ്യ ഗ്രാമത്തിനും സമീപമാണ് ടി പദ്ധതി നടപ്പാക്കുന്നത്. 120 കൃത്രിമപ്പാരുകൾ (trapezoidal RCC Modules) 70 RCC പൈപ്പും ഉൾപ്പെടുന്ന യൂണിറ്റാണ് രണ്ട് സ്ഥലങ്ങളിലും നിക്ഷേപിക്കുന്നത്.<br><br>ഉൾനാടൻ മേഖലയിൽ മത്സ്യ സമ്പത്തിന്റെ വർദ്ധനവിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കുമായി 2017-18 സാമ്പത്തിക വർഷം 253 ലക്ഷം രൂപ അനുവദിച്ചിട്ടു ണ്ട്. ആയത് 14 ജില്ലകൾക്ക് ഉൾനാടൻ ജലാശയങ്ങളിൽ വിവിധയിനം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുവദിക്കുകയും ആയതനുസരിച്ച് മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടു ണ്ട് |
| (ബി) | സ്വാഭാവിക മത്സ്യപ്രജനന സ്ഥലങ്ങളിൽ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതിനും നിയമവിരുദ്ധമായ മത്സ്യബന്ധനം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ഉൾനാടൻ ജലാശയങ്ങളിൽ സ്വാഭാവിക മത്സ്യ പ്രജനന സ്ഥലങ്ങളിൽ മത്സ്യം സങ്കേതം സ്ഥാപിക്കുന്ന പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. ആയതനുസരിച്ച് അഷ്ടമുടി കായൽ, വേമ്പനാട് കായൽ, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ മത്സ്യസങ്കേതം സ്ഥാപിക്കുന്നതിന് കൊല്ലം, കോട്ടയം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകൾക്ക് 5 ലക്ഷം രൂപ വീതം അനുവദിക്കുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ നിയമ വിരുദ്ധമായി മത്സ്യബന്ധനം തടയുന്നതിന് ഉൾനാടൻ ജലാശയങ്ങളിൽ കായൽ പട്രോളിംഗ് നടത്തുന്നതിനു വേണ്ടി 2017-18 സാമ്പത്തിക വർഷം 17 ലക്ഷം രൂപ വക യിരുത്തുകയും ആയത് 10 ജില്ലകൾക്ക് അനുവദിച്ച് പട്രോളിംഗ് നടത്തി വരികയും ചെയ്യുന്നു.<br><br>സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങളിൽ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതാണ്. മത്സ്യബന്ധന ബോട്ടുകൾ ചെറു മീനുകളെ പിടിക്കുന്നത് തടയുന്നതിന് സർക്കാർ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട് പഴ്സീൻ വലകൾ, പെലാജിക് ട്രോൾ വലകൾ, വീട് വാട്ടർ ട്രോൾ വലകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം രാത്രി കാല ട്രോളിംഗ് എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചു വരുന്ന യാനങ്ങളെ കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (സി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് സൊസൈറ്റി **(FIRMA)** നടത്തുന്ന വിവിധ ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (സി) | (1) ആറ്റുകൊഞ്ച് പുനരധിവാസ പദ്ധതി - കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ നടപ്പാക്കിയ പദ്ധതി.<br>(2) അസസ്മെന്റ് ഓഫ് സ്റ്റാറ്റസ് ഓഫ് റിവറൈൻ ഫിഷറീസ്.<br>(3) എക്സ്പ്ലോയിറ്റഡ് ഫിഷറീസ് റിസോഴ്സ് ഓഫ് കുട്ടനാട് വെറ്റ്ലാന്റ് ഇക്കോ സിസ്റ്റം. |
| (ഡി) | ഈ മേഖലയിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മാനേജ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് പദ്ധതിയുടെ ഭാഗമായി മത്സ്യഗ്രാമതലത്തിലും ജില്ലാതലത്തിലും ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകിയതിനെ തുടർന്ന് 9 മറൈൻ ജില്ലകളിൽ പദ്ധതി നിർവഹണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വില്ലേജ് തലത്തിൽ 50 ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷം നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ